സ്നേഹം, ത്യാഗം, സേവനം, സഹനം

**ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപത**

**46-ാം വാർഷികാഘോഷത്തിന്റെ ഭാഗമായി ഒരുക്കുന്ന**

# പ്രേഷിതപ്രഭ

**ഹൃദയത്തിൽ ക്രിസ്തുവിന്റെ വെളിച്ചമുള്ളവരുടെ**

## *സംഗമവും*

## സ്നേഹസന്ദേശറാലിയും

**2019 ഫെബ്രുവരി 17**
**ഞായർ 2 pm**
**പുൽപ്പള്ളി**

ഹൃദയത്തിൽ ക്രിസ്തുവിന്റെ വെളിച്ചമുള്ള പ്രിയരേ,

2019 ഫെബ്രുവരി 17 ഞായറാഴ്ച പുൽപ്പള്ളിയിൽ 'പ്രേഷിതപ്രഭ' എന്ന പേരിൽ ഒരു മഹാ സംഗമം ഒരുങ്ങുകയാണ്. ഭിന്നതകളല്ല സ്നേഹമാണ് ഈ ലോകത്തിന്റെ നന്മയ്ക്ക് നിദാനമാവുക എന്ന സന്ദേശം, ക്രിസ്തുനാഥൻ നൽകിയ ഉണർവ്വോടെ ആയിരക്കണക്കിന് പ്രേഷിതർ ഒരു മനസ്സോടെ ഏറ്റു പറയുന്ന ദിനമാണന്ന്. പുൽപ്പള്ളി പഴശ്ശിരാജാ കോളേജിന് എതിർവശത്തുള്ള സെന്റ്മേരീസ് ഇംഗ്ലീഷ്മീഡിയം സ്കൂളിൽ നിന്ന് 2.30 PM ന് ആരംഭിക്കുന്ന 'സ്നേഹസന്ദേശ റാലി'ആണ് 'പ്രേഷിതപ്രഭ'യുടെ മുഖ്യ കാര്യപരിപാടി. തിരുസഭ എന്ന ആത്മീയവേദി നമുക്കു നൽകി സ്നേഹത്തിന്റെ ഉൾബലം നാം തികഞ്ഞ ആവേശത്തോടെ തിരിച്ചറിയുന്ന വേളയായി ആ റാലി മാറണം. റാലിക്കു ശേഷം 4.30 PM ന് തിരുഹൃദയ ദേവാലയത്തിൽ അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവിന്റെ സാന്നിദ്ധ്യത്തിൽ നടക്കുന്ന പ്രേഷിത സംഗമത്തിലൂടെ ആ ആവേശത്തെ നമുക്ക് കൂടുതൽ ഉജ്ജ്വലമാക്കണം. നമ്മുടെ രൂപതയിലെ ചെറുപുഷ്പ മിഷൻ ലീഗ് പ്രസ്ഥാനത്തിലെ അംഗങ്ങൾ മാത്രമല്ല ഓരോ ഇടവകയിലെയും സ്നേഹത്തിന്റെ ആവേശമുള്ള എല്ലാ ദൈവജനവും, കുടുംബകൂട്ടായ്മ പ്രതിനിധികളും, ഇതര സംഘടനാപ്രവർത്തകരും, യുവജന പ്രേഷിതരും, മതാദ്ധ്യാപക സമൂഹവും, വൈദികരും, സിസ്റ്റേഴ്സുമെല്ലാം പങ്കു ചേരണമെന്നാണ് ഞങ്ങളുടെ ആഗ്രഹം.

അങ്ങയുടെ നേതൃത്വപരമായ കഴിവും, ഇടപെടലും പ്രചോദനവുമെല്ലാം 'പ്രേഷിതപ്രഭ'യുടെ വിജയത്തിൽ നിർണ്ണായകമാവും. അങ്ങയുടെ സാന്നിദ്ധ്യം ഉറപ്പാക്കുന്നതിനോടൊപ്പം സമാനമനസ്കരായ കഴിയുന്നത്ര പേരെ ഈ 'സ്നേഹസന്ദേശ' റാലിയിലും സംഗമത്തിലും പങ്കെടുപ്പിക്കുവാൻ വേണ്ടി പരിശ്രമിക്കുകയും ചെയ്യണേ.

46 വർഷങ്ങൾ, മാനന്തവാടി രൂപതയിലെ മിഷൻ ലീഗ് പ്രസ്ഥാനം സജീവമായി മുന്നോട്ട് പോയിട്ടുണ്ടെങ്കിൽ അത് അങ്ങയെപ്പോലുള്ളവരുടെ സ്നേഹവും, ത്യാഗവും, സേവന സന്നദ്ധതയും, സഹനശീലവും കൂട്ടായ് ലഭിച്ചതു കൊണ്ടാണ്.

'പ്രേഷിതപ്രഭ' ഒരു സാക്ഷ്യമാകണം സഹകരിക്കണേ.

സ്നേഹപൂർവ്വം, രൂപത എക്സിക്യൂട്ടീവിന് വേണ്ടി

| | |
|---|---|
| രക്ഷാധികാരി | - മാർ ജോസ് പൊരുന്നേടം |
| സഹ. രക്ഷാധികാരി | - ഫാ. അബ്രാഹം നെല്ലിക്കൽ<br>ഫാ. ചാണ്ടി പുനക്കാട്ട് |
| ചെയർമാൻ | - ഫാ. ഷിജു ഐക്കരക്കാനായിൽ<br>ഫാ. ജോയി തുരുത്തേൽ<br>ഫാ. ജോസ് മുണ്ടയ്ക്കൽ |
| കൺവീനർ | - ശ്രീ. ഷാജി ചന്ദനപറമ്പിൽ |
| ജോ. കൺവീനർ | - ശ്രീ. രഞ്ജിത്ത് മുതുപ്ലാക്കൽ<br>ശ്രീ. ബിനീഷ് തുമ്പിയാങ്കുഴി<br>ശ്രീ. ബിനു മാങ്കൂട്ടം,<br>ശ്രീ. ലിബിൻ ചക്കുളത്തിൽ |

... ജയ് ജയ് മിഷൻലീഗ് ...